
സ്വകാര്യ പ്രചരണത്തിനു മാത്രം

നവംബർ 2012 വാല്യം 5 ലക്കം 6

ശ്രീ രാം ചന്ദ്ര മിഷൻ®

India ECHOES

ONE WORLD ONE HUMANITY







# മാസ്റ്ററെക്കുറിച്ചുള്ള വിവരങ്ങൾ

ആഗസ്റ്റ് 15-ന് നടന്ന അസാധാരണ ജനറൽബോഡിക്കുശേഷം മാസ്റ്റർ ഭാരം ലഘൂകരിക്കപ്പെട്ട അവസ്ഥയിലായിരുന്നു. എങ്കിലും തന്റെ സ്വതസിദ്ധമായ ജാഗ്രത പുലർത്തിയിരുന്നു. പതിനാറാം തിയതി രാവിലെ കോട്ടേജിലുള്ള എല്ലാ അഭ്യാസികളോടും സുവർണ്ണ പുസ്തകത്തിൽ ഒപ്പ് വെച്ചുവെന്ന് ഉറപ്പുവരുത്താൻ മാസ്റ്റർ ആവശ്യപ്പെട്ടു, അതിനുവേണ്ട സൗകര്യങ്ങൾ ഒരുക്കാൻ വളണ്ടിയർ ഇൻ ചാർജിനോട് ആവശ്യപ്പെട്ടു. അദ്ദേഹം അഭ്യാസികളെ ശാസിച്ചുകൊണ്ടിരുന്നു. എത്ര അപ്രധാനമായാലും ഒരു പ്രക്രിയ പൂർത്തീകരിക്കുന്നതിനുവേണ്ട പ്രതിബദ്ധത നമുക്കദ്ദേഹത്തിന്റെ പ്രവർത്തിയിൽ ദർശിക്കാമായിരുന്നു. മാസ്റ്ററുടെ ആരോഗ്യം പൂർണ്ണമായും തൃപ്തികരമല്ലാതിരുന്നതു കൊണ്ട് അദ്ദേഹം വളരെ ലളിതമായ ഒരു ചര്യയാണ് ശീലിച്ചിരുന്നത്. നിത്യേന രാവിലെ, തന്നെ സന്ദർശിച്ചിരുന്ന ഫിസിയോതെറപ്പിസ്റ്റിന്റെ സഹായത്തോടെ വ്യായാമം ചെയ്യും. അതിനുശേഷം കുറച്ചു വിശ്രമിക്കും. പ്രാതൽ കഴിക്കുക, വർത്തമാന പത്രം വായിച്ചു കേൾക്കുക മുതലായ നിത്യവൃത്തികളിൽ യാതൊരു മുടക്കവും വരുത്തിയിരുന്നില്ല. അതിനുശേഷം തന്റെ മെയിലുകൾ വായിച്ച് അതിനു മറുപടി നൽകും. വൈകുന്നേരവും ഫിസിയോതെറാപ്പി നടത്തും. ചില ദിവസങ്ങളിൽ മാസ്റ്റർ കുറച്ചു നടന്നെന്നിരിക്കും. അതിനുശേഷം വീൽ ചെയറിൽ പുറത്തുപോകും. അല്ലെങ്കിൽ പുറത്ത് അഭ്യാസികളോടൊത്ത് സമയം ചിലവഴിക്കും. ആരംഭത്തിൽ, ഒരു വാക്കറിന്റെ സഹായത്താൽ നടക്കുവാനാണ് മാസ്റ്റർ ശ്രമിച്ചിരുന്നത്. പിന്നീട് കുറച്ച് ദൂരം തന്റെ ഊന്നുവടിയുടെ സഹായത്താൽ നടക്കാൻ ശ്രമിച്ചിരുന്നു. മാസ്റ്ററുടെ ആരോഗ്യസ്ഥിതിയിലെ സാവധാനമെങ്കിലും ഉറച്ച പുരോഗതിയാണിതെല്ലാം സൂചിപ്പിക്കുന്നത്.

ഒത്തൊരുമയുടെ പ്രാധാന്യം ഊന്നിപ്പറയുന്ന ഒരു 'വിസ്പേർസ്' സന്ദേശം മാസ്റ്റർ കേൾക്കുകയായിരുന്നു. നമ്മുടെ സത്സംഗങ്ങളിൽ ഉണ്ടായിരിക്കേണ്ട കൂട്ടായ്മയുടെയും യോജിപ്പിന്റെയും ആവശ്യകത മാസ്റ്റർ ഇടയ്ക്കിടെ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു.

ഒരു പ്രത്യേക ആരോഗ്യ പരിശോധന ആഗസ്റ്റ് 20 നും 21 നും മാസ്റ്റർക്കു നടത്തി. ഫലം വളരെ ആശാവഹമായിരുന്നു.


ഒരു ദിവസം വൈകുന്നേരം മാസ്റ്റർ പെട്ടെന്ന് താൻ വർഷങ്ങൾക്കുമുമ്പ് യൂറോപ്പിൽ തിയേറ്ററിൽ വെച്ച് കണ്ട ഒരു സിനിമയുടെ കാര്യം ഓർത്തു. മാസ്റ്റർ യൂറോപ്പിൽ തിയേറ്ററിൽ ചെന്നു കണ്ട രണ്ടു സിനിമകളിൽ ഒന്നായിരുന്നു അത്. പാരീസിലെ സോർബോൺ സർവ്വകലാശാലയിൽ സഹജമാർഗത്തെക്കുറിച്ച് സംസാരിച്ച ദിവസമായിരുന്നു അദ്ദേഹം ഈ സിനിമ കണ്ടത്. 'മനിക: ദി ഗേൾ ഹൂ ലിവ്ഡ് ട്വൈസ്' എന്നായിരുന്നു സിനിമയുടെ പേര്. പുനർജന്മമായിരുന്നു സിനിമയുടെ ഇതിവൃത്തം. അതു കണ്ട് മാസ്റ്റർ പൂർണ്ണമായും അതിൽ ലയിച്ചു. ആഗസ്റ്റ് 26-ന് ഏതാണ്ട് 11 മണിക്ക് മാസ്റ്റർ ഏകദേശം 45 മിനിട്ടോളം ആശ്രമത്തിനു ചുറ്റും യാത്ര ചെയ്തു. "തടവിലിട്ട പ്രതീതിയായിരുന്നു എനിക്ക്. ഇപ്പോൾ ഞാൻ മോചിതനായി" എന്നായിരുന്നു മാസ്റ്ററുടെ വിശദീകരണം.അദ്ദേഹം കാന്റീൻ, കിച്ചൻ, ലൈബ്രറി ബ്ലോക്കിന്റെ ബേസ്മെന്റ് (വ്യായാമ യന്ത്രങ്ങൾ കാണുന്നതിനുവേണ്ടി) എന്നിവിടങ്ങൾ പരിശോധിച്ചു. അതിനുശേഷം മാസ്റ്റർ മെഡിറ്റേഷൻ ഹാളിലേക്ക് പോയി. ആശ്രമത്തിന്റെ പുനരുദ്ധാരണ ജോലിയുടെ പുരോഗതിയെക്കുറിച്ച് സഹോ.ജാക്കിയുമായി ചർച്ച ചെയ്തു. കോട്ടേജിന്റെ വരാന്തയിൽ വിശ്രമിച്ചതിനുശേഷം, ഡൈനിംഗ് ഹാളിൽ ഉച്ച ഭക്ഷണം ക ഴിക്കുവാൻ മാസ്റ്റർ തീരുമാനിച്ചു. മാസ്റ്റർ അവിടെയിരുന്ന് ആഹാരം കഴിച്ചിട്ട് നാലു മാസത്തോളമായിരുന്നു.

ഒരു ദിവസം ഫിസിയോതെറാപ്പിക്കുശേഷം മാസ്റ്റർ ഡോക്ടർമാരോട് ഭാഷകളെപ്പറ്റി സംസാരിക്കുകയായിരുന്നു. അദ്ദേഹം :"ഇതിനു മുമ്പും ഞാൻ ഇത് പറഞ്ഞിട്ടുണ്ട്, ഒരാളുടെ ഹൃദയത്തിലേക്കുള്ള വഴി അയാളുടെ വയ റിൽകൂടിയല്ല, അയാളുടെ ഭാഷയിൽ കൂടിയാണ്. ആ ഭാഷയിൽ ഒന്നു രണ്ട് പദങ്ങൾ നമുക്ക് സംസാരിക്കാൻ സാധിച്ചാൽ, നമുക്കയാളുടെ ഹൃദയത്തെ സ്പർശിക്കാൻ കഴിയും". എല്ലാവരേയും അത്ഭുതപ്പെടുത്തിക്കൊണ്ട് ഒന്ന് രണ്ട് അറബി പദങ്ങൾ മാസ്റ്റർ പറഞ്ഞു. ഫിസിയോ തെറാപ്പിക്കുശേഷം വളരെ ക്ഷീണിതനായി കാണപ്പെട്ട മാസ്റ്റർ ഇങ്ങനെ പറഞ്ഞു "ആരെങ്കിലും ഇനി എന്നോട് ഒരടി നടക്കുവാൻ പറഞ്ഞാൽ ഞാൻ പിൻവാങ്ങും".

# എക്കോസ് ഇന്ത്യ വാർത്താപത്രിക







ആഗസ്റ്റ് 29-ന മാസ്റ്ററുടെ ഹൃദയപ്രവർത്തനത്തെ നിരീക്ഷിക്കാനായി 24-മണിക്കൂർ പരീക്ഷണം തുടങ്ങി. അതിനായി അദ്ദേഹത്തിന്റെ ശരീരത്തിൽ മോണിറ്റർ യന്ത്രങ്ങൾ ഘടിപ്പിച്ചു. അദ്ദേഹത്തോട് തന്റെ ദൈനംദിന കാര്യങ്ങൾ ചെയ്യുവാൻ ആവശ്യപ്പെട്ടു. അതിനാൽ അന്നദ്ദേഹം വൈകുന്നേരം വീൽ-ചെയറിൽ പുറത്തൊന്നു ചുറ്റാൻ തീരുമാനിച്ചു. പക്ഷെ അപ്പോൾ മഴ ചാറാൻ തുടങ്ങിയതിനാൽ അദ്ദേഹം തിരിച്ചുവന്നു വരാന്തയിൽ ഇരുന്നു. വാമനനെയും ശുക്രാചാര്യനെയും പറ്റിയുള്ള കഥയിൽ ശുക്രാചാര്യന്റെ കണ്ണ് നഷ്ടപ്പെട്ടതിനെപ്പറ്റി പറഞ്ഞു. എന്നിട്ടു മുന്നിലിരുന്നവരെ നോക്കി പരിഹാസ്യരൂപത്തിൽ അവരെല്ലാം കമ്പ്യൂട്ടർ വിദഗ്ധർ ആണെങ്കിലുമവർക്കു ഇത്തരം കഥകളൊന്നും അറിയില്ലെന്നു പറഞ്ഞു.

'The Golden Silence of Satkhol' എന്ന പേരിൽ സഹോ. അല്ലയും സഹോ. ഈശ്വറും ചേർന്നു ഒരു ഡി.വി.ഡി നിർമിച്ചിരുന്നു. അവരത് മാസ്റ്റർക്കു നൽകി. മാസ്റ്റർ അതു കാണാനുള്ള താത്പര്യം പ്രകടിപ്പിച്ചു. മാസ്റ്റർ അതു കാണാൻ തുടങ്ങിയതോടെ അവിടുത്തെ അന്തരീക്ഷം ആകെ മാറി; എല്ലാവർക്കും അവർ സത്കോലിൽ ആണെന്നു തോന്നി.

സപ്തംബർ 11-ന ഗായത്രി നിർമ്മിച്ച് 50 വർഷം തികയുന്ന ദിനമായിരുന്നു. അത് ആഘോഷിക്കാൻ അദ്ദേഹം പദ്ധതിയിട്ടിരുന്നെങ്കിലും ആരോഗ്യനില മെച്ചപ്പെട്ടതല്ലാത്തതിനാൽ അത് നടന്നില്ല. സംസാരിക്കുന്നതിനിടയിൽ അദ്ദേഹം, "ഒരു ഭാര്യയുടെ സവിശേഷത സ്നേഹിക്കുകയും, പാചകം ചെയ്യുകയും, മക്കളെ പരിരക്ഷിക്കുകയുമാണ്. എന്നാൽ ഇക്കാലത്ത് ഭാര്യക്ക് സൗന്ദര്യം വേണം എന്നൊക്കെയാണ് ആഗ്രഹം. അപ്രകാരമാകുമ്പോൾ മറ്റുള്ളവർ തന്റെ ഭാര്യയെ ശ്രദ്ധിക്കുന്നു എന്നു അസൂയപ്പെടുകയും ചെയ്യും." എന്നു പറഞ്ഞു.

"അഭ്യാസികളുമായി സമ്മേളിക്കുന്നതും വിശ്രമിക്കുന്നതും തമ്മിൽ എങ്ങിനെയാണ് താങ്കൾ തുലനം കൊണ്ടുവരുന്നതെന്ന്" ഒരഭ്യാസി ചോദിച്ചു. അതിനദ്ദേഹം, "ഞാൻ എന്റെ ജോലിയെ സ്നേഹിക്കുന്നു. സ്നേഹമുള്ളേടത്ത് പരിധികളില്ല" എന്നാണ് മറുപടി നൽകിയത്. അതിനുശേഷം മാസ്റ്റർ കൻഹ പദ്ധതി നടപ്പിലാക്കുന്ന ടീമുമായി 2013 ഏപ്രിൽ 30-ന കൻഹയിൽ നടത്താൻ പോകുന്ന ഭണ്ഡാരക്കായി തിരഞ്ഞെടുത്ത സ്ഥലത്തെ തയ്യാറാക്കുന്നതിനെപ്പറ്റി പല സൂചനകളും നിർദ്ദേശങ്ങളും നൽകി.

അതിനുശേഷം മാസ്റ്റർ മെഡിറ്റേഷൻ ഹാളിൽ നടക്കുന്ന അറ്റകുറ്റപണികളുടെ പുരോഗതി കണ്ടറിയാൻ അങ്ങോട്ടു പോയി. തിരിച്ചു വരുന്ന വഴി എ.ഡോർമിട്ടറിയിൽ വിശാഖപട്ടണത്തിൽ നിന്നു വന്ന അഭ്യാസികളോട് സഹോ.രാഘവൻ നടത്തുന്ന പ്രഭാഷണം കേൾക്കാൻ അവിടെ കയറി. അവർക്ക് ഒരു 15 മിനിറ്റ് നേരത്തെ സിറ്റിംഗ് കൊടുത്ത് കോട്ടേജിലേക്കു തിരിച്ചുവന്നു.

മാസ്റ്ററുടെ കോട്ടേജിൽ പണിനടക്കുന്നതിനാൽ സഹോ. മാധവ റെഡ്ഡിയുടെ വീട്ടിൽ താമസിക്കാൻ മാസ്റ്റർ തീരുമാനിച്ചു. മാസ്റ്റർ അവിടം തിരഞ്ഞെടുത്തതിനുകാരണം വിശ്രമം ലഭിക്കുവാനായിരുന്നെങ്കിലും അവിടേയും അദ്ദേഹത്തെ കാണാൻ അഭ്യാസികൾ തുടർച്ചയായി വന്നു കൊണ്ടിരുന്നു. അഭ്യാസികളെ കാണാൻ മാസ്റ്റർ കഴിയുന്നത്ര ശ്രമിക്കുന്നുണ്ട്. എങ്കിലും അദ്ദേഹം വേഗം സുഖം പ്രാപിക്കുവാനായി ആവശ്യമായ വിശ്രമം അദ്ദേഹത്തിനു നൽകാൻ നാം ശ്രമിക്കണം.

ഒരുദിവസം വൈകുന്നേരം മാസ്റ്റർ അദ്ദേഹത്തിന്റെ കിടപ്പുമുറിയിൽ ഒരു ഊന്നുവടി ഉപയോഗിച്ച് നടന്നു. ഇതദ്ദേഹത്തിന്റെ ആരോഗ്യനില മെച്ചപ്പെട്ടതിന്റെ സൂചനയായിരുന്നു. കുറച്ചുനേരം പുറത്തിരുന്നതിനുശേഷം അദ്ദേഹം തന്നെ വീൽ-ചെയർ ഉരുട്ടിക്കൊണ്ട് ഉള്ളിലേക്കു പോയിഅദ്ദേഹം സംസാരിക്കുവനുള്ള മനോഭാവത്തിലായിരുന്നു. വേദനയും ദുരിതവും നമ്മുടെ വളർച്ചക്കും പരിണാമത്തിനും ആവശ്യമായതാണെന്നതിനാൽ അവയെ സന്തോഷത്തോടെ സ്വീകരിക്കണമെന്ന് അദ്ദേഹം പറഞ്ഞു. മറികടക്കേണ്ട അടുത്ത ബുദ്ധിമുട്ടിനെ അഭിമുഖീകരിക്കാൻ വേണ്ടിയാണ് ഊന്നുവടി ഉപയോഗിച്ച് നടന്നതെന്നു മാസ്റ്റർ പറഞ്ഞു.

സപ്തംബർ 22-ന ശനിയാഴ്ച രാവിലെ മാസ്റ്റർ ദന്തപരിശോധനക്കായി പോയി. തിരിച്ചു വന്നു 11.30 ന് എ ഡോർമിട്ടറിയിൽ പോയി. അവിടെ ആന്ധ്രയിലെ തീരദേശ





# എക്കോസ് ഇന്ത്യ വാർത്താപത്രിക







സെൻററുകളിൽ നിന്നു വന്ന അഭ്യാസികളെ കണ്ടു. കുറച്ചുനേരം അവരോട് സമയം പാഴാക്കിക്കളയാതെ ഉപയോഗിക്കേണ്ടതിൻെറ പ്രാധാന്യത്തെപ്പറ്റി സംസാരിച്ചു. അതിനുശേഷം ഒരു സിറ്റിംഗ് കൊടുത്തു. നമുക്കു ലഭ്യമായ സമയത്തെ ശരിയായുപയോഗിച്ചു പുരോഗമിക്കേണ്ടതിൻെറ ആവശ്യകതയെപ്പറ്റി അദ്ദേഹം സംസാരിച്ചു. പാഴാക്കിക്കളഞ്ഞ സമയം ഒരിക്കലും വീണ്ടെടുക്കാൻ കഴിയില്ലെന്നു എല്ലാവരെയും അദ്ദേഹം ഓർമ്മിപ്പിച്ചു.

ചില സമയങ്ങളിൽ ഊന്നുവടിയുടെ സഹായത്താൽ മാസ്റ്റർ ഹാൾ വരെ നടന്നു വരാറുണ്ട്. അഭ്യാസികൾ അദ്ദേഹത്തിൻെറ ചുറ്റും കൂടിയിരിക്കും.ഒരു ദിവസം അത്തരത്തിൽ ധാരാളം അഭ്യാസികൾ അദ്ദേഹത്തിൻെറ ചുറ്റും ഇരുന്നു. വളരെ അധികം ക്ഷീണിതനായിരുന്നെങ്കിലും മാസ്റ്റർ, ഒന്നും പറയാതെ പതിനഞ്ചു മിനിറ്റു നീണ്ടു നിന്ന ഒരു സിറ്റിംഗ് നൽകി. തുർക്കിയിൽനിന്നും വന്ന അഭ്യാസി ദമ്പതികളിൽനിന്നും അവിടെ മിഷൻ നല്ല രീതിയിൽ പ്രവർത്തിക്കുന്നു എന്ന സദ്വാർത്ത കേട്ട് അദ്ദേഹം സന്തോഷിച്ചു.

ഒരു ഞായറാഴ്ച, ആശ്രമത്തിൽ സത്സംഗം നടക്കുന്ന അതേ സമയം, സഹോ. മാധവൻെറ വീട്ടിൽ വെച്ച് മാസ്റ്റർ സത്സംഗം നടത്തുകയുണ്ടായി. പിന്നീട് സഹോ. കമലേഷ് മധ്യവേളയിൽ, ആമഗ്നതയുടെ ഒരു വ്യത്യസ്ത തലത്തിലേക്ക് സത്സംഗം പോയെന്ന് മാസ്റ്ററോട് പറഞ്ഞു. മാസ്റ്റർ പറഞ്ഞത് അദ്ദേഹം സത്സംഗം കൊടുക്കുമ്പോൾ ഏകദേശം മധ്യവേളയിൽ എല്ലാ അഭ്യാസിയേയും ഉൾപ്പെടുത്തിയെന്നും, അതിൻെറ ഫലമാണിതെന്നുമാണ്.

സപ്തംബർ 28 സഹോ.കമലേഷിൻെറ പിറന്നാൾ ആയിരുന്നു. കാലത്ത് മാസ്റ്റർ എല്ലാവർക്കും പ്രസാദം വിതരണം ചെയ്തു. വൈകുന്നേരം കൊൽക്കത്തയിൽനിന്നുള്ള അഭ്യാസികൾ




സഹോ.മാധവൻെറ വീട്ടിൽ സന്നിഹിതരാവുകയും, മാസ്റ്റർ പുറത്തുവന്ന് അവരോടൊപ്പം അൽപ്പസമയം ചിലവിടുകയും ചെയ്തു. എല്ലാ അഭ്യാസികൾക്കും മാസ്റ്ററെ കാണുവാൻ സാധിച്ചതിൽ, ഒരു പൂർണ്ണത അനുഭവിക്കുവാൻ സാധിച്ചു.

ചൈനീസ് സെമിനാർ തുടങ്ങുന്ന അവസരത്തിൽ, അതിൻെറ സംഘാടകർ മാസ്റ്ററുമായി ഒരു കൂടിക്കാഴ്ച നടത്തുകയും, ആ ആഴ്ച നടത്തുവാൻ ഉദ്ദേശിക്കുന്ന പരിപാടിയെക്കുറിച്ച് മാസ്റ്ററുമായി ചർച്ച ചെയ്യുകയും ചെയ്തു. കിഴക്കൻ മേഖലയിൽനിന്നും, ചൈനയിൽനിന്നുമായി എഴുപത് അഭ്യാസികളോളം ഈ സെമിനാറിൽ പങ്കെടുത്തു. ഒക്ടോബർ 2 ചൊവ്വാഴ്ച ചൈനീസ് സെമിനാറിൽ പങ്കെടുക്കുന്ന അഭ്യാസികളെ കാണാൻ മാസ്റ്റർ 'Dorm-A'യിൽ ചെല്ലുകയും, അവർക്ക് ഒരു സിറ്റിംഗ് നൽകുകയും ചെയ്തു. തുടർന്ന് അദ്ദേഹം അവരോട് സംസാരിച്ചു. "കോളേജ് വിദ്യാർത്ഥിയായിരുന്ന കാലഘട്ടം മുതൽ ചൈനീസ് സംസ്കൃതിയും, തത്വചിന്തയും എന്നെ വളരെ അധികം അത്ഭുതപ്പെടുത്തിയിട്ടുണ്ട്. 'താ ലെ ചിംഗ്'-ഉം കൺഫ്യുഷ്യസ്സിൻെറ രചനകളും അതിലുൾപ്പെടുന്നു. എന്നെ വളരെയധികം അത്ഭുതപ്പെടുത്തിയത് "മാറ്റങ്ങളുടെ പുസ്തകമായ ഐ-ചിംഗ്" ആണ്. ചൈന വീണ്ടും സന്ദർശിക്കാനുള്ള ഇഛ മാസ്റ്റർ പ്രകടിപ്പിച്ചു."ഞാൻ നിങ്ങളുടെ രാജ്യം സന്ദർശിച്ചിട്ടുണ്ട്. ഒന്നു രണ്ട് സ്ഥലങ്ങളിൽ മാത്രമെ വന്നിട്ടുള്ളു. എൻെറ മാസ്റ്റർ അനുവദിക്കുകയാണെങ്കിൽ ഞാൻ വീണ്ടും സന്ദർശിക്കും. പക്ഷേ നിങ്ങൾക്കറിയാം അത് വളരെ വിദൂരമാണ്. പക്ഷേ ചിലപ്പോൾ ഞാൻ ഏതെങ്കിലും ഒരു ദിവസം കൊൽക്കത്തയിൽ പോയി കുറച്ചു ദിവസം വിശ്രമിക്കുകയും, കുമ്മിങ്ങിലേക്ക് പോവുകയും ചെയ്യും. നിങ്ങളിൽ എല്ലാവരിലും ഞാൻ ഉണ്ടെങ്കിൽ മാത്രം." പുരാതന സംസ്കൃതിയിലും, തത്വചിന്തയിലും, ചരിത്ര സംഭവങ്ങളിലും ഇന്ത്യയും ചൈനയും തമ്മിൽ വളരെ അധികം സമാനതകളുണ്ടെന്ന് അദ്ദേഹം പറഞ്ഞു. "ചൈനീസ് അറിയാത്ത ഈ വയസ്സനെ കാണാൻ നിങ്ങൾ ഇനിയും വരണം. എൻെറ ഗുരുവിൻെറ അനുഗ്രഹത്താൽ എനിക്കു സുഖം പ്രാപിക്കാനായതിൽ നിങ്ങളെ കാണാനും, ഒക്ടോബർ 2013-ലെ അടുത്ത സെമിനാറിലേക്ക് നിങ്ങളെ ക്ഷണിക്കാനും സാധിച്ചു."

ഒരു സായാഹ്നത്തിൽ റഷ്യയിൽനിന്നുള്ള രണ്ടു സഹോദരിമാർ തങ്ങൾ തിരികെ പോകുന്ന വിവരം മാസ്റ്ററെ ധരിപ്പിക്കാനെത്തി.തങ്ങൾക്ക് ഒരു സന്ദേശം നൽകുവാൻ അവർ മാസ്റ്ററോട് പറഞ്ഞു. മാസ്റ്റർ പറഞ്ഞു: "ലോകത്തെ മാറ്റുക എന്നത് നമ്മുടെ ജോലിയല്ല. അത് ഒരു പ്രാപഞ്ചിക കർമ്മമാണ്. എന്നാലും, കൂടുതൽ സുധീകൃതമായ, സ്നേഹമുള്ള ഹൃദയങ്ങൾ കൊണ്ടുവരുന്നതിലൂടെ സാവകാശം മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയും. ഒരു കുളത്തിലേയ്ക്ക് നിങ്ങൾ ഒരു കല്ലിട്ടാൽ അതിൻെറ അലകൾ പടരും. നമ്മുടെ കർമ്മം ചെറുതോ വലുതോ എന്ന് നാം ചിന്തിക്കേണ്ട ആവശ്യമില്ല. നാം അത് ചെയ്യുന്നു. ഞാൻ ബാബുജിയോട് ഒരുപാടു പ്രാവശ്യം ചോദിച്ചിട്ടുണ്ട്, ബാബുജി നാം ഇത്രയൊക്കെ ചെയ്യുന്നുണ്ട്, ഇതിനൊക്കെ ഫലമുണ്ടാകുമോ? ബാബുജി പറഞ്ഞത്, ഈ ചോദ്യം ഒരിക്കലും ചോദിക്കരുത് എന്നാണ്. അതുകൊണ്ട് നാം ഫലത്തെപ്പറ്റി ചിന്തിക്കുന്നില്ല. കർമ്മം ചെയ്യുക, ഫലം അതിനെ പിന്തുടർന്നുകൊള്ളും എന്ന് വിശ്വസിക്കുക."

## മണപ്പാക്കത്തുനടന്ന സെമിനാറുകൾ






### 2012 സപ്തംബർ 4 മുതൽ 9 വരെ

ദസമിനാറിൽ പങ്കെടുക്കുവാൻ അലഹബാദ് സെൻററിൽനിന്നും ഏകദേശം 630 അഭ്യാസികൾ എത്തി. സെമിനാറിൽ നടന്ന സത്സംഗം, യോഗങ്ങൾ, മറ്റു പരിപാടികൾ എന്നിവയ്ക്കു പുറമെ അഭ്യാസികൾക്ക് ഒന്നു രണ്ടു തവണ മാസ്റ്ററെ നേരിട്ടു കാണുവാനും സാധിച്ചു. എല്ലാ അഭ്യാസികളും വളരെ അച്ചടക്കത്തോടെ മാസ്റ്ററുടെ കോട്ടേജിനു വെളിയിൽ കാത്തുനിൽക്കുകയും മാസ്റ്റർ ഒന്നുരണ്ടു ദിവസങ്ങളിൽ വൈകുന്നേരം വീൽ ചെയറിൽ വന്ന് അഭ്യാസികളെ കാണുകയും ചെയ്തു. പത്തുപതിനഞ്ച് നിമിഷങ്ങളോളം മാസ്റ്റർ അവരുടെ കൂടെയിരുന്നു. സമ്പൂർണ്ണ നിശ്ശബ്ദത പരിപാലിച്ചിരുന്നു.

### 2012 സപ്തംബർ 11 മുതൽ 16 വരെ

വിശാഖപട്ടണത്തിൽനിന്നും ദാച്ചേപള്ളി സെൻററിൽനിന്നും ഏകദേശം 530 അഭ്യാസികൾ സെമിനാറിൽ പങ്കെടുത്തു. മാസ്റ്റർ ഒരു തവണ ഡോം–എ സന്ദർശിക്കുകയും ഒരു ചെറിയ പ്രഭാഷണം നടത്തുകയും ചെയ്തു.

### 2012 സപ്തംബർ 18 മുതൽ 23 വരെ

കിഴക്കൻ ഗോദാവരി, പടിഞ്ഞാറൻ ഗോദാവരി, കാക്കിനാഡ ഇവയടങ്ങുന്ന തീരദേശ ആന്ധ്രപ്രദേശിലെ അഭ്യാസികളുടെ സെമിനാർ നടന്നു. 430 അഭ്യാസികൾ അതിൽ പങ്കെടുത്തു. 22–ാം തിയതി മാസ്റ്റർ എല്ലാ അഭ്യാസികളേയും കാണുകയും, സിറ്റിംഗ് കൊടുക്കുകയും, പ്രഭാഷണം നടത്തുകയും ചെയ്തു. സത്സംഗങ്ങൾക്കു പുറമെ പ്രഭാഷണങ്ങളുമുണ്ടായിരുന്നു. അഭ്യാസികൾ എല്ലാ പരിപാടികളിലും പങ്കെടുത്തു.

### 2012 സപ്തംബർ 25 മുതൽ 30 വരെ

കൊൽക്കത്തയിലെയും പശ്ചിമ ബംഗാളിലെ മറ്റു സെൻററുകളിലെയും, സിക്കിം, തൃപുര മുതലായ സെൻററുകളിലേയും അഭ്യാസികൾ സെമിനാറിൽ പങ്കെടുത്തു. മറ്റു സെമിനാററുകളിൽ എന്ന പോലെ ഈ സെമിനാറിലും സഹോ. കമലേഷ് വളരെ സജീവമായി പങ്കുചേർന്നു. സഹോ. കമലേഷ് ചെയ്ത പ്രഭാഷണങ്ങളിൽ ഊന്നിപ്പറഞ്ഞത്, നമ്മൾ മാസ്റ്ററുടെ ഭൗതിക സാന്നിദ്ധ്യത്തിന് ശ്രമിച്ച് അദ്ദേഹത്തെ ശല്യപ്പെടുത്താതെ നമ്മിലെ ആന്തരികമായ അദ്ദേഹത്തിൻെറ സാന്നിദ്ധ്യം ശ്രദ്ധിക്കുവാനും, ആ സ്ഥിതി നില നിർത്തുവാനും, അദ്ദേഹം ആദ്ധ്യാത്മികമായി നമ്മൾക്കുവേണ്ടി ചെയ്യുന്നതിലെല്ലാം നിമഗ്നരായി ഇരിക്കുവാനുമാണ്. അവരെയെല്ലാം മാസ്റ്റർ ആശ്രമത്തിൽ വെച്ച് നേരിട്ട് കാണുവാൻ ഉദ്ദേശിച്ചതാണെങ്കിലും ആശ്രമത്തിനു വെളിയിൽ റോഡ് പണി നടക്കുന്നതിനാൽ എല്ലാവരേയും സഹോ. മാധവൻെറ വീട്ടിൽ വെച്ചാണ് കണ്ടത്. ഒരു ദിവസം കൊൽക്കത്തയിലെ അഭ്യാസികൾ, ഒരു ദിവസം സിക്കിമിലെ അഭ്യാസികൾ എന്നിങ്ങനെയാണ് അവർ സഹോ.മാധവൻെറ വീട്ടിൽ പോയി മാസ്റ്ററെ കണ്ടത്. ശ്രമകരമാണെങ്കിലും മാസ്റ്റർ എല്ലാ അഭ്യാസികളേയും കാണുകയും ആദ്ധ്യാത്മികജോലികൾ ചെയ്യുകയും ചെയ്തു. 460 അഭ്യാസികൾ ഈ സെമിനാറിൽ പങ്കെടുത്തു. അഭ്യാസികളുടെ നിറസാന്നിദ്ധ്യത്താൽ ആശ്രമത്തിൽ ആകെയൊരു ഉണർവ്വും പുതിയൊരു ഊർജ്ജവും അനുഭവപ്പെടുന്നതായി തോന്നി.

### 2012 ഒക്ടോബർ 2 മുതൽ 7 വരെ

കിഴക്കൻ മേഖലയിലും ചൈനയിലുമുള്ള വിദൂര സ്ഥലങ്ങളിലെ 70 അഭ്യാസികൾ സെമിനാറിൽ പങ്കെടുത്തു. അതാത് സമയത്ത് നടക്കുന്ന കാര്യങ്ങൾ അപ്പോഴപ്പോൾ മാസ്റ്റർ അറിയുകയും ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.









## ഒക്ടോബർ 9 മുതൽ 14 വരെ

മണപ്പാക്കത്തെ ബാബുജി മെമ്മോറിയൽ ആശ്രമത്തിൽ പൂനെയിൽ നിന്നും എത്തിയ 530ഓളം അഭ്യാസികൾ മാസ്റ്ററുടെ ദൈവീക സാന്നിധ്യത്താൽ അനുഗ്രഹീതരായി.

ദിവസേനയുള്ള മൂന്ന് സത്സംഗങ്ങൾ എല്ലാ ഹൃദയങ്ങളും നിറച്ചു. പ്രശാന്തമായ അന്തരീക്ഷവും സന്നദ്ധ സേവകരുടെ ഭക്തിയും കണ്ണു തുറപ്പിക്കുന്ന രീതിയിലുള്ള പ്രഭാഷണങ്ങളും ആശ്രമത്തിലെ സമതുലിതമായ അന്തരീക്ഷവുമൊക്കെ അനുപമമായിരുന്നുഈ അവസ്ഥയിൽ കൂടുതലായി ആമഗ്നരാവാൻ ഏവരും ആഗ്രഹിച്ചു.

മാസ്റ്റർ ഹാളിലെത്തി സംസാരിച്ചു. അദ്ദേഹത്തിന്റെ ആഗമനം എല്ലാവരെയും അത്ഭുതപ്പെടുത്തി. സഹോ.കമലേഷിന്റെ ഓഫീസിൽ അദ്ദേഹമൊത്ത് ചിലവഴിച്ച സ്നേഹനിർഭരമായ നിമിഷങ്ങൾ മറ്റൊരത്ഭുതമായി.

ചുരുങ്ങിയ കാലയളവാണെങ്കിലും അവിടെനിന്നും ലഭ്യമായ അനുഭവങ്ങൾ അനന്തകാലം നിലനിൽക്കും. അദ്ദേഹം നൽകിയ അവസ്ഥ നിലനിർത്തുക എന്നത് നമ്മുടെ കടമയാണ്. ഈ യാത്ര ഇതിലും ഭംഗിയാക്കാനാകുമായിരുന്നില്ല. മികവുറ്റതും ഫലപ്രദവുമായ ഈ സന്ദർശനം ഏവരും നന്നായി ആസ്വദിച്ചു.

## ലഖ്നൗവിലെ E Fecilitation Desk

ഇൻറർനെറ്റ് ഉപയോഗിക്കാൻ പ്രാവീണ്യമില്ലാത്ത അഭ്യാസികൾക്കായി ലഖ്നൗ ആശ്രമത്തിൽ E Fecilitation Desk പ്രവർത്തനമാരംഭിച്ചു. e-mail അയയ്ക്കുക, മിഷൻ വെബ്സൈറ്റ്, daily reflections, സഹജസന്ദേശങ്ങൾ, വിസ്പെർസ് ഫ്രം ദ ബ്രൈറ്റർവേൾഡ് തുടങ്ങിയവ പരിശോധിക്കുക എന്നിവയ്ക്കും online അപേക്ഷകൾ സമർപ്പിയ്ക്കാനും മറ്റും അഭ്യാസികളെ പ്രാപ്തരാക്കുക എന്നതിനു വേണ്ടിയാണ് ഈ ഹെൽപ് ഡെസ്ക് ആരംഭിച്ചത്. പുതിയ പ്രഭാഷണങ്ങളും മറ്റും പരിശോധിക്കാൻ ഇതു അഭ്യാസികളെ പ്രാപ്തരാക്കുന്നു.

## മംഗലാപുരത്തെ ആശ്രമത്തിനായുള്ള സ്ഥലം



മംഗലാപുരം നഗരത്തിൽ നിന്നും 18 കി. മി അകലെ മംഗലാപുരം-ബാംഗലൂരു ദേശീയ പാതയക്കരികിലെ ബെൻറ്വാൽ താലൂക്കിലെ 12 ഏക്ര ഭൂമിവാങ്ങിയതോടെ മംഗലാപുരം സെൻററിലെ അഭ്യാസികളുടെ ധ്യാനത്തിനായി സ്വന്തം സ്ഥലം എന്ന സ്വപ്നം പൂർത്തിയായി. ദേശീയപാതയിൽ നിന്നും 5 കി മി അകലെ കാനറ എഞ്ചിനീയറിംഗ് കോളേജിനു അഭിമുഖമായി ആണ് ഈ സ്ഥലം സ്ഥിതി ചെയ്യുന്നത്. 4 ഏക്ര ഭൂമി ആശ്രമം പണിയുന്നതിനും 8 ഏക്ര ഭൂമി അഭ്യാസികൾക്കായുള്ള അഭ്യാസികളുടെ കോളനി നിർമ്മിയ്ക്കുന്നതിനായുമാണ് ഉദ്ദേശിക്കുന്നത്.

സപ്തംബർ 19-ാം തിയ്യതി നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനു മുൻപായി സത്സംഗം നടത്തി. മാസ്റ്റർ അദ്ദേഹത്തിന്റെ ആശീർവാദം അറിയിക്കുകയുണ്ടായി.മനസ് ശുദ്ധമായിരിയ്ക്കുന്നതിനു വേണ്ടി തലേദിവസവും ധ്യാനിക്കണമെന്നു സഹോ.കമലേഷ് പട്ടേൽ അറിയിച്ചിരുന്നു. മംഗലാപുരം, പുത്തൂർ, മൈസൂർ എന്നീ കേന്ദ്രങ്ങളിൽ നിന്നും 50ഓളം അഭ്യാസികൾ സത്സംഗത്തിൽ പങ്കെടുത്തു. മാസ്റ്ററുടെ അനുഗ്രഹം ഈ അന്തരീക്ഷത്തിൽ നിറഞ്ഞു നിന്നു. സഹജമാർഗ തത്വസംഹിതകൾ 15-ാം വാല്യത്തിൽ പ്രസിദ്ധീകരിച്ച മാസ്റ്ററുടെ സന്ദേശം സഹോ. പ്രസാദ് കൃഷ്ണ വായിച്ചു. പിന്നീട് അദ്ദേഹം തന്റെ പ്രഭാഷണത്തിനിടെ സഹോ. സുബ്രായയുടെ പ്രവർത്തനങ്ങളെ പ്രശംസിച്ചു കൊണ്ട് സംസാരിച്ചു. സഹോ രാധാകൃഷ്ണൻ, സഹോ. അന്നാജി, സഹോ. നളിനി എന്നിവർ സംസാരിയ്ക്കുകയും സഹോ. സർണാഡ് എഴുതിയ ഒരു ഭജൻ സഹോ. വനജാക്ഷി ആലപിയ്ക്കുകയും ചെയ്തു. സത്സംഗം കഴിഞ്ഞ ഉടൻ തന്നെ റോഡിന്റേയും മറ്റും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഒരു താത്കാലിക ധ്യാനമന്ദിരം ഉടനെതന്നെ നിർമ്മിച്ച് സത്സംഗം ആരംഭിക്കുന്നതായിരിക്കും.



# യുവജനങ്ങൾക്കായുള്ള പരിപാടികൾ

## യുവജന പരിപാടി, കൊൽക്കത്ത

ഏകദേശം 25 ഓളം അഭ്യാസികൾ ഒക്ടോബർ 14, 15 തീയതികളിൽ BMA-യിൽ ഒത്തുകൂടി. സത്സംഗത്തിനു ശേഷം 'ഗ്രൗണ്ടിംഗ് ഇൻ പ്രാക്ടീസിലെ' 'പ്രാർഥന' എന്ന മൊഡ്യൂളിന്റെ അവതരണം സഹോ.ലീന ഡേവിസ് നടത്തി. അവിടെ സന്നിഹിതരായിരുന്ന എല്ലാ അഭ്യാസികളും, പ്രാർഥനയുടെ ആഴത്തിലുള്ള അർത്ഥം ഇതിലൂടെ മനസ്സിലാക്കാൻ സാധിച്ചു എന്ന് അഭിപ്രായം പ്രകടിപ്പിച്ചു. വൈകുന്നേരം 'സേവനം' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള മാസ്റ്ററുടെ രണ്ട് പ്രഭാഷണങ്ങൾ പ്രദർശിപ്പിച്ചു.

15-ാം തീയതി, മൂന്ന് 'M' കൾക്ക് ഒരു അഭ്യാസിയുടെ ജീവിതത്തിൽ ഉണ്ടായിരിക്കേണ്ട പ്രാധാന്യത്തെക്കുറിച്ച് 6 ചോദ്യങ്ങളടങ്ങിയ ഒരു ആത്മപരിശോധന സെഷൻ ഉണ്ടായിരുന്നു. സ്വയം വിലയിരുത്തുന്നതിനുള്ള നല്ല ഒരു അവസരം എന്നതിനുപുറമെ അനുഭവങ്ങൾ ആത്മാർഥമായി പങ്കുവെച്ചതിനാൽ വളരെ പ്രചോദനം നൽകുന്നതുമായിരുന്നു. ഉച്ചക്ക് CREST ഖരക്പൂറിനെ കുറിച്ചുള്ള ഒരു വീഡിയോ പ്രദർശനം ഉണ്ടായിരുന്നു. അടുത്തതായിവരുന്ന യൂത്ത് സെമിനാറിൽ പങ്കാളികളാവാൻ അഭ്യാസികളെ ഉദ്ബോധിപ്പിക്കുകയും ചെയ്തു. തുടർന്ന് 'സേവനം' എന്ന വിഷയത്തെക്കുറിച്ചുള്ള മാസ്റ്ററുടെ മറ്റൊരു പ്രഭാഷണംകൂടി കാണിച്ചു.

രണ്ടു ദിവസം നീണ്ടു നിന്ന ഈ പരിപാടി യഥാസമയങ്ങളിൽ സാധന ചെയ്യു ചിട്ടയായ ഒരു ജീവിതരീതി ശീലിക്കേണ്ടതിന്റെ ആവശ്യകതയെ പറ്റി യുവാക്കളെ ഉദ്ബോധിപ്പിച്ചു. നാലുമണിക്കുള്ള സത്സംഗത്തോടുകൂടി ഈ പരിപാടി അവസാനിച്ചു. ഇതിൽ പങ്കാളികളായ അഭ്യാസികൾ ഈ ദിവസങ്ങളിൽ ആശ്രമത്തിൽ തന്നെ തങ്ങി. അടുക്കളയിലെ വാളൻറിയർമാരും ആശ്രമം മാനേജരും ഇവരോടൊപ്പം തന്നെ തങ്ങുകയും, ഇവരുടെ ഇടയിൽ ഒരു പ്രത്യേക ആത്മബന്ധം ഉടലെടുക്കുകയും ചെയ്തു.

## അഹമെദ്നഗർ സെൻറർ, മഹാരാഷ്ട്ര

ഇവിടെ ആഗസ്റ്റ് 26-ാം തീയതി ഒരു യൂത്ത് പ്രോഗ്രാം സംഘടിപ്പിച്ചു. 18 മുതൽ 35 വരെ പ്രായമുള്ള എട്ട് അഭ്യാസികളിതിൽ പങ്കെടുത്തു. ചെറുപ്പക്കാരായ അഭ്യാസികളുടെ സജീവമായ പങ്കാളിത്തം വഴി ആശ്രമത്തിന്റെ വളർച്ച, എന്നതായിരുന്നു ഈ പരിപാടിയുടെ ആശയം. ഒരു ഭജനയോടെ തുടങ്ങിയ പരിപാടിയിൽ സംസ്കാരങ്ങളുടെ സ്വാധീനത്തെക്കുറിച്ചു ഒരു നാടക പ്രദർശനം ഉണ്ടായിരുന്നു.

സഹജമാർഗം എങ്ങിനെ മറ്റുള്ളവർക്ക് പറഞ്ഞു കൊടുക്കാം, ആത്മീയ ജീവിതവും ഭൗതികജീവിതവും എങ്ങിനെ ഒരുമിച്ചു കൊണ്ടുപോകാം എന്നീ വിഷയങ്ങളെ ആസ്പദമാക്കി പ്രഭാഷണങ്ങളും ചർച്ചകളും ഉണ്ടായിരുന്നു. അവസാനമായി യൂറോപ്യൻ യൂത്ത് സെമിനാറിന്റെ ഒരു വീഡിയോ പ്രദർശനവുമുണ്ടായിരുന്നു. അഭ്യാസികൾ എല്ലാവരും ചർച്ചകളിലെല്ലാം സജീവമായി പങ്കെടുത്തു. ഈ പരിപാടി വളരെ അധികം ഫലപ്രദമായ ഒന്നായിരുന്നു.




## സഹജമാർഗ യുവാക്കളുടെ ഒരു ആഗോള കൂട്ടായ്മ

ലോകമെമ്പാടുമുള്ള സഹജമാർഗ യുവാക്കളുടെ ഒരു കൂട്ടായ്മ രൂപീകരിക്കുന്നതിനായി തുടങ്ങിയ ഒരു സംരംഭമാണിത്. വളരെയധികം യുവാക്കൾ ഇതിൽ പങ്കാളികളായപ്പോൾ വെബിനാറുകൾ സംഘടിപ്പിച്ചു തുടങ്ങി. ഈ നെറ്റ്വർക്ക് സഹജമാർഗത്തിലെ പുതിയ സംരംഭങ്ങളെ പ്രചരിപ്പിക്കുവാനും വലിയ പ്രോജക്റ്റുകൾക്ക് ആവശ്യം വരുന്ന വാളൻറിയർമാരെ എളുപ്പത്തിൽ കണ്ടുപിടിക്കാനും സഹായിക്കും.

ചെറുപ്പക്കാരായ അഭ്യാസികൾ അവിവാഹിതരോ അല്ലെങ്കിൽ സമീപകാലങ്ങളിൽ വിവാഹിതരായവരോ ആണ്. പലരും പഠിക്കുകയോ ഔദ്യോഗിക ജീവിതത്തിന്റെ ആരംഭ കാലഘട്ടങ്ങളിലുള്ളവരോ ആണ്. ജീവിതം തിരക്കേറിയതും ചലനാത്മകവുമായ ഒരു കാലഘട്ടമാണിത്. കൂടാതെ അഭിലാഷങ്ങളും, പ്രലോഭനങ്ങളും നിറഞ്ഞ ഒരു ലോകമാണ് യുവാക്കളുടേത്. അതുകൊണ്ടു തന്നെ സാധന വളരെയധികം ആവശ്യമുള്ള ഒരു കാലഘട്ടമാണിത്. എന്നാൽ കഷ്ടമെന്നു പറയട്ടെ, ഏവരും സാധനയെ വളരെയധികം അവഗണിക്കുന്നതായാണ് കാണുന്നത്.

ആദ്യത്തെ യൂത്ത് വെബിനാർ ജൂൺ 29-ാം തീയതി ആയിരുന്നു. സഹജമാർഗത്തിൽ ആഴത്തിൽ ഇഴുകിച്ചേരാൻ സഹോ. ബിൽ വേയ്കോട്ട് യുവാക്കളെ ഈ വെബിനാറിൽ ഉദ്ബോധിപ്പിച്ചു. സഹോ. സന്തോഷ് കാഞ്ചി അച്ചടക്കത്തിന്റെ ആവശ്യകതയെ പറ്റി സംസാരിച്ചു.

വീണ്ടും ആഗസ്റ്റ് 25-ാം തീയതി പലരാജ്യങ്ങളിൽ നിന്നുള്ള ഒരു ഓൺലൈൻ കൂട്ടായ്മ കൂടി സംഘടിപ്പിച്ചു. കാലിഫോർണിയ, ആസ്ട്രേലിയ, ലാറ്റിൻ അമേരിക്ക, യൂറോപ്പ്, മിഡിൽ ഈസ്റ്റ്, ഇന്ത്യ എന്നിവിടങ്ങളിൽ നിന്നുള്ളവർ ഇതിൽ പങ്കെടുത്തു. അത്യന്തം പ്രചോധനകരമായ അവതരണങ്ങൾ അടങ്ങിയ ഈ സംരംഭം സ്ഥലകാലങ്ങൾ ഭേദിച്ചുള്ള പവിത്ര സ്നേഹത്തിന്റെ അന്തരീക്ഷം ഉളവാക്കി.

വിവരങ്ങൾക്കും ക്ഷണങ്ങൾക്കും
https://docs.google.com/spreadsheet/viewform?formkey=dE8wRmdCR2txVkNlcXAtTmNCX2d3UHc6MA#gid=0

## സഹജപിക്നിക്ക്, ഭിൽവാഡ, രാജസ്ഥാൻ

സപ്തംബർ 29-ാം തീയതി 25 ഓളം യുവാക്കളായ അഭ്യാസികളും, അഭ്യാസികളുടെ കുട്ടികളും ഹരിണി മഹാദേവ് എന്ന വിനോദസഞ്ചാര കേന്ദ്രത്തിൽ ഒത്തുകൂടി. 'സിംഹ ഹൃദയം' എന്ന വിഷയമായിരുന്നു ചർച്ചക്കായി തിരഞ്ഞെടുത്തത്. നേതൃത്വഗുണങ്ങളെ കുറിച്ചും, നിർഭയത്വത്തെക്കുറിച്ചും ഇതിനോട് അനുബന്ധമായി ചർച്ച ചെയ്തു. അതിൽ അഭ്യാസികളുടെ ഉത്തരങ്ങൾ അതത് വിഷയത്തിലുള്ള മാസ്റ്ററുടെ ഉദ്ധരണികളുമായി താരതമ്യം ചെയ്ത് നോക്കുകയും ചെയ്തു.

3 ഗ്രൂപ്പുകളായി തിരിച്ച്, സംസാരിക്കാതെ അന്യോന്യം സംവദിക്കുന്ന കളി അത്യന്തം രസമുള്ളതും അതേ സമയം തന്നെ ചിന്തിപ്പിക്കുന്നതുമായിരുന്നു. ഇതിൽ പങ്കാളികളായ എല്ലാവർക്കും ഈ വിനോദയാത്ര വളരെയധികം ഇഷ്ടപ്പെട്ടു.



എക്കോസ് ഇന്ത്യ വാർത്താപത്രിക

## തിരുപ്പൂർ ഡയമണ്ട് ജൂബിലി പാർക്കിൽ എൻഎസ്എസ് ക്യാമ്പ്



നൻജപ്പ കോർപ്പറേഷൻ ഹൈസ്കൂളിന്റെയും കെഎസ്സി ഗവൺമെണ്ട് ഹൈസ്കൂളിന്റെയും സഹകരണത്തോടെ തിരുപ്പൂർ ഡി.ജെ പാർക്കിൽ സപ്തംബർ 23 മുതൽ 29 വരെ അറുപതു വിദ്യാർത്ഥികൾക്കായി എൻഎസ്എസ് ക്യാമ്പ് നടത്തി.

23–ന് വൈകുന്നേരം നടന്ന ഉദ്ഘാടന ചടങ്ങിൽ രണ്ട് സ്കൂളുകളിൽ നിന്നുമുള്ള പ്രധാനാദ്ധ്യാപകരും മറ്റു പല സ്കൂളുകളിൽ നിന്നുമുള്ള അദ്ധ്യാപകരും പങ്കെടുത്തു.

ചിലസാമൂഹിക സംഘടനകളിൽനിന്നും എത്തിയ അതിഥികളും അഭ്യാസികളും ചേർന്ന് റോഡ്സേഫ്റ്റി, പ്ലാസ്റ്റിക് ഉപയോഗിക്കാതിരിക്കൽ, ഡിങ്കിപ്പനി, പ്രഥമശുശ്രൂഷ, മരം നട്ടുപിടിപ്പിക്കൽ എന്നിവയെക്കുറിച്ചുള്ളബോധവത്കരണ ക്ലാസുകൾനടത്തി. വൈകുന്നേരം പ്രശ്നോത്തരി, 'വിവേകാനന്ദനും ആദ്ധ്യാത്മികതയും' എന്നതിനെക്കുറിച്ച് ഒരു പ്രഭാഷണവും, പ്രകൃതിസംവരണത്തെ ആസ്പദമാക്കി ഒരു ലഘുസിനിമയും അവതരിപ്പിച്ചു.

29–ാം തീയതി നടന്ന സമാപന ചടങ്ങിൽ പഞ്ചായത്ത് പ്രസിഡെൻറ് പളനിസാമി അധ്യക്ഷതവഹിക്കുകയും തിരുപ്പൂർ സൗത്ത് ഡിഎസ്പി രാജാറാം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു. രണ്ടുസ്കൂളിലെയും വിദ്യാർത്ഥികളും അധ്യാപകരും ഏഴുദിവസം ഡിജെ പാർക്കിൽതാമസിച്ചു. നമ്മുടെ മാസ്റ്റർമാരെക്കുറിച്ചും സഹജമാർഗ്ഗ പദ്ധതിയെക്കുറിച്ചും അതിഥികൾക്ക് മനസ്സിലാക്കുവാൻ ഇതൊരുമികച്ച അവസരമായിരുന്നു.

## സോണൽ ഇൻ ചാർജിന്റെ തെക്കൻ തമിഴ്നാടിലെ സെൻററുകളുടെ സന്ദർശനം



തെക്കൻ തമിഴ്നാടിലെ സോണൽ ഇൻ ചാർജായ സഹോ. ടി.വി.വിശ്വനാഥ റാവു തെക്കൻ ജില്ലകളായ തിരുനെൽവേലിയിലും തൂത്തുകുടിയിലും ആഗസ്റ്റ് 22 മുതൽ 26 വരെ യാത്ര ചെയ്തു. ചിന്നവള്ളിക്കുളം, സിവകാസി, കോവിൽപട്ടി, തൂത്തുകുടി, തിരുനെൽവേലി, ചേരന്മഹാദേവി, വള്ളിയൂർ, കളക്കാട്, കോട്ടയ്ക്കരുങ്ങുളം, വടക്കങ്കുളം എന്നിവിടങ്ങളിലുള്ള സെൻററുകൾ അദ്ദേഹം സന്ദർശിച്ചു. സേതൂരിലും അളമരത്തുപട്ടിയിലും ഉള്ള കുറച്ച് അഭ്യാസികൾക്കായി പുതിയ സെൻററുകൾ ഉദ്ഘാടനം ചെയ്തു.

നേഷ്ണൽതർമെൽ പവർ കോർപറേഷനിലും ഹോളി ക്രോസ്സ്ഹോം സയൻസ്കോളേജിലും സമൂഗരെംഗപുരത്തും മുക്കോഡലിലും അദ്ദേഹം പൊതുസദസ്സുകളെ അഭിസംബോദന ചെയ്തു. ഈ യാത്രയിലൂടെ പലയിടത്തും പുതിയ പല ആദ്ധ്യാത്മിക കാംക്ഷികൾക്കും ആദ്യസിറ്റിംഗ് നൽകുക വഴി തമിഴ്നാടിന്റെ ഈ ഭാഗങ്ങളിൽ മിഷൻ പ്രവർത്തനങ്ങൾക്ക് ഒരു പുതു ജീവൻ ലഭിച്ചു.

## മധുരൈ ആശ്രമത്തിൽ ആദ്ധ്യാത്മിക സെമിനാർ

മധുരൈയിൽനിന്നും അടുത്തുള്ള സെൻററുകളിൽനിന്നുമായി എത്തിയ ഏതാണ്ട് 625 അഭ്യാസികൾക്കായി റീജിണൽ കോർഡിനേറ്ററായ സഹോ. എൻ.പ്രകാശും സോണൽ ഇൻ ചാർജ് സഹോ. ടി.വി.വിശ്വനാഥറാവുവും സപ്തംബർ 28 മുതൽ 30 വരെ മധുരൈ ആശ്രമത്തിൽ ഒരു ആദ്ധ്യാത്മിക സെമിനാർ നടത്തി.

28–ാം തീയതി വൈകുന്നേരം 5 മണിക്കു സത്സംഗത്തോടുകൂടിയാണ് പരിപാടി തുടങ്ങിയത്. രാത്രി ഭക്ഷണത്തിനും 9 മണിയുടെ സാർവ്വലൗകിക പ്രാർത്ഥനയ്ക്കും ശേഷം വീണ്ടും ഒരു സത്സംഗം കൂടിനടത്തി. ഇതൊരു അതിതീവ്രമായ ആദ്ധ്യാത്മിക സെമിനാറാണെന്നും സത്സംഗങ്ങൾക്കിടയിൽ കിട്ടുന്നസമയങ്ങളിൽ എല്ലാ അഭ്യാസികളും കഴിയുന്നത്ര ധ്യാനിക്കുകയും, മിഷൻ പുസ്തകങ്ങൾ വായിക്കുകയും, മാസ്റ്ററുടെ ദിവ്യത്വത്തെയും പ്രക്ഷേപണത്തേയും അറിയുവാൻ ശ്രമിക്കുകയും, ഹൃദയത്തിന്റെ അന്തരാളങ്ങളിൽ മാസ്റ്ററുടെ സാന്നിദ്ധ്യം അറിയുവാൻ ശ്രമിക്കുകയും ചെയ്യണമെന്ന് സഹോ.പ്രകാശ്പറഞ്ഞു.

അഭ്യാസികളോട് അവരുടെ ആന്തരിക അവസ്ഥ മനസ്സിലാക്കുവാനും അത് ഡയറിയിൽ കുറിച്ചിടുവാനും അഭ്യർത്ഥിച്ചു. ഡയറി എഴുതുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും ധ്യാനത്തിനുമുൻപും പിൻപുമുള്ള ആന്തരീക അവസ്ഥ വായിക്കാൻ സഹായിക്കുന്ന ചില സൂചനകളുമടങ്ങിയ ഒരു ലഘുലേഖ എല്ലാവർക്കും വിതരണം ചെയ്തു.

29–ാം തീയതി നാലു സത്സംഗങ്ങൾ നടത്തുകയും ഒരോ സത്സംഗത്തിനുശേഷവും 'വിസ്പേർസിൽ' നിന്നുമുള്ള സന്ദേശങ്ങൾ സഹോ.പ്രകാശ് വായിക്കുകയും ചെയ്തു. 30–ാം തിയതി 7:30യുടെയും 11:30 യുടെയും സത്സംഗം സഹോ.പ്രകാശ് നടത്തി. സത്സംഗത്തിനുശേഷം, അഭ്യാസികൾക്ക് തങ്ങളുടെമേൽ പ്രവർത്തിക്കാൻ ഈ സെമിനാർ സഹായകമാകുമെന്ന് സഹോ. ടി.വി.വിശ്വനാഥറാവു അഭിപ്രായപ്പെട്ടു. മാസ്റ്ററുടെ ആഗ്രഹം പോലെ അഭ്യാസികൾ സമൂഹത്തിൽ സ്നേഹത്തിന്റെയും, സാഹോദര്യത്തിന്റെയും, സമാധാനത്തിന്റെയും വാഹകരായിത്തീരണമെന്ന് സഹോ.പ്രകാശ് പറഞ്ഞു.

# പരിശീലന പരിപാടികൾ

## പ്രസാധന ശിൽപശാല – മംഗലാപുരം



'മിഷൻസാഹിത്യം വായിക്കുമ്പോൾ ലഭിക്കുന്ന ആനന്ദത്തിൻെറയും അനുഭവങ്ങളുടെയും പങ്കുവെയ്ക്കൽ' എന്ന വിഷയത്തെയധികരിച്ച് അമ്പത്തിയെട്ട് അഭ്യാസികൾ പങ്കെടുത്ത ഒരു മുഴുദിന പരിശീലനക്കളരി മംഗലാപുരത്ത്നടന്നു. വായനയുടെ പ്രാധാന്യം, എന്തുകൊണ്ട് നാം വായിക്കണം, ആത്മീയജീവിതത്തിന് അത്നൽകുന്ന നേട്ടങ്ങളെന്തെല്ലാം, എന്ത് മനോഭാവത്തോടെയാണ് വായിക്കേണ്ടത്, ആത്മീയലക്ഷ്യം കൈവരിക്കാൻ പുസ്തകങ്ങൾ നൽകുന്ന മാർഗ്ഗദർശനം എന്നിങ്ങനെ വിവിധ വിഷയങ്ങൾ ഈ ശിൽപശാലയിൽ ഉൾക്കൊള്ളിച്ചിരുന്നു. വിജ്ഞാനപ്രദവും ബോധോദയമുളവാക്കുന്നതുമായ മാസ്റ്ററുടെ പ്രഭാഷണങ്ങളുടെ ഓഡിയോ വീഡിയൊ പ്രദർശനവുമുണ്ടായിരുന്നു. സത്സംഗത്തോട് കൂടി പരിശീലനക്കളരി സമാപിച്ചു.

## പ്രിഫെക്റ്റുകളുടെ സെമിനാർ, കേരളം

സെൻററിൻെറ വികസനം, മുഴുദിന പരിപാടികളുടെ നടത്തിപ്പ് എന്നിവയെപ്പറ്റി ചർച്ച ചെയ്യുവാൻ വടക്കേമലബാറിലെ പ്രിഫെക്റ്റുമാർ, സപ്തംബർ ഇരുപത്തിമൂന്നാം തീയ്യതി തലശ്ശേരിയിൽ ഒത്തുചേർന്നു. മുഴുദിന പരിപാടികളിൽ അവതരിപ്പിക്കുന്ന വിഷയത്തിൽ നിന്ന് വ്യതിചലിക്കാതിരിക്കുക, സ്വവീക്ഷണം അവതരിപ്പിക്കുവാൻ എല്ലാ അഭ്യാസികൾക്കും അവസരം നൽകുക, ഉദാഹരണങ്ങൾ കഴിവതും സഹജമാർഗ്ഗ സാഹിത്യത്തിൽ നിന്ന് തന്നെ തിരഞ്ഞെടുക്കുക തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനിച്ചു. വിസ്പേർസ് ഫ്രം ബ്രൈറ്റർ വേൾഡിലെ സന്ദേശങ്ങളെയടിസ്ഥാനപ്പെടുത്തി ഒരു മുഴുദിന പരിപാടി ഒക്റ്റോബർ 23നു നടത്താൻ ധാരണയായി.

## പ്രസാധനം മെച്ചപ്പെടുത്താനുള്ള പരിപാടികൾ, മൈസൂർ, കർണ്ണാടക

പ്രസാധക വളൻറിയർമാരുടെ ജില്ലാതലത്തിലുള്ള ഒരു പരിശീലനക്കളരി സപ്തംബർ ഒന്ന്, രണ്ട് തീയ്യതികളിൽ മൈസൂരിൽനടന്നു. 15 സെൻററുകളിൽ നിന്നുള്ള നാൽപ്പത്തിമൂന്ന് അഭ്യാസികൾ ഇതിൽപങ്കെടുത്തു. സാധനയാണ് ഫലപ്രദമായ സ്വയംസേവനത്തിൻെറ അടിസ്ഥാനം എന്ന വിഷയത്തോടെയായിരുന്നു പരിപാടി സമാരംഭിച്ചത്. പ്രസാധനം എന്ന പ്രക്രിയയുടെ ഭാഗമായ വളൻറിയർമാർ, സാധന സാമഗ്രികൾ, വിൽപന–വിതരണം എന്നിവയെപ്പറ്റിയെല്ലാം വിശദമായി ചർച്ചചെയ്തു. വളൻറിയർമാർ മിഷൻ സാഹിത്യം വായിക്കേണ്ടതിൻെറ പ്രാധാന്യത്തിന് ചർച്ചയിൽ ഊന്നൽ കൊടുത്തിരുന്നു. ജില്ലാതലത്തിലുള്ള ആസൂത്രണങ്ങളെയും മാർഗ്ഗരേഖകളെക്കുറിച്ചും പ്രതിപാദിക്കുകയും ജില്ലാ കോ-ഓഡിനേറ്റർമാർ എല്ലാവരുടെയും അറിവിലേക്കായി പ്ലാൻ വിശദീകരിക്കുകയും ചെയ്തു.



## 'അവലോകന', ബാംഗ്ലൂർ, കർണ്ണാടക

കന്നട ഭാഷയിലുള്ള ഒരുന്നത പരിശീലന പരിപാടി സപ്തംബർ എട്ട്, ഒമ്പത് തീയ്യതികളിൽ ബനശങ്കരി ആശ്രമത്തിൽ വെച്ച്നടന്നു. ഏകദേശം 175 അഭ്യാസികൾ ഇതിൽ പങ്കെടുത്തു. സഹജമാർഗ്ഗത്തിൻെറ ആഴത്തിലുള്ളതും, അന്തർലീനവുമായ ആശയങ്ങളെപ്പറ്റി മനസ്സിലാക്കുവാനും വിചിന്തനം ചെയ്യുവാനും അഭ്യാസികളെ പ്രാപ്തരാക്കുക എന്നതായിരുന്നു ഈ പരിപാടിയുടെ ഉദ്ദേശ്യം. സഹജമാർഗ്ഗതത്വം, സാധനയിൽ അന്തർലീനമായിരിക്കുന്ന ഘടകങ്ങൾ, സഹജമാർഗ്ഗം ഒരു ജീവിതരീതി, നമ്മുടെ ആത്മീയവളർച്ചയിൽ മാസ്റ്റർ വഹിക്കുന്ന പങ്ക്, അദ്ദേഹവുമായുള്ള നമ്മുടെ ബന്ധം, നമ്മുടെ ആത്മീയപാതയിലുരുത്തിരിയുന്ന സ്നേഹത്തിൻെറ വിവിധ ഘട്ടങ്ങൾ, ആത്മീയപുരോഗതി, പരിണാമം, വിചിന്തനം എന്നീ വിഷയങ്ങളായിരുന്നു പരിപാടിയിൽ ഉൾക്കൊള്ളിച്ചിരുന്നത്. എല്ലാവരുടെയും സജീവ പങ്കാളിത്തമുറപ്പാക്കുന്നതിനു വേണ്ടി ചോദ്യോത്തരവേളയും, മാസ്റ്ററുടെ ഉണ്ടരണികളുടെ ആത്മീയാർത്ഥത്തിൻെറ വിശദീകരണവും ഉണ്ടായിരുന്നു.

## കന്നടഭാഷാ പരിഭാഷ പരിശീലന പരിപാടി



കന്നടഭാഷാ പരിഭാഷ ചെയ്യുന്നതിനുവേണ്ടി ഒരു പരിശീലന പരിപാടി രണ്ടു ഘട്ടങ്ങളിലായി നടന്നു. ആദ്യത്തേത് ജൂൺ പതിനേഴിനും, രണ്ടാമത്തേത് ആഗസ്റ്റ് അഞ്ചിനും ആയിരുന്നു. മാസ്റ്ററുടെ പ്രഭാഷണങ്ങൾ, പുസ്തകങ്ങൾ, വീഡിയൊ സബ്ടൈറ്റിലുകൾ തുടങ്ങിയവ ഇംഗ്ലിഷിൽനിന്നും കന്നടയിലേക്ക് മൊഴിമാറ്റം ചെയ്യുവാൻ താൽപര്യമുള്ള അഭ്യാസികളെ അതിനായി പരിശീലിപ്പിക്കുക എന്നതായിരുന്നു ഈ പരിപാടിയുടെ ലക്ഷ്യം. പരിഭാഷകരുടെ എണ്ണമുയർത്താനും നിശ്ചിത സമയത്തിനുള്ളിൽ മേന്മയുള്ള ജോലി ചെയ്യുവാനും ഇതുപകരിക്കും. സഹോദരന്മാരായ രാം ശാസ്ത്രിയും സുബ്രമണ്യ.ബി.ജിയുമാണ് പതിനേഴ് പേർക്കായി ഈ പരിപാടി നടത്തിയത്.

പരിശീലനത്തിൽ പങ്കെടുത്തവരോട് ആദ്യഘട്ടത്തിൽ, സഹജമാർഗ്ഗ സാഹിത്യത്തിലെ ഇംഗ്ലീഷിലുള്ള ഏതാനും ഖണ്ഡികകൾ നൽകി അതിൻെറ പരിഭാഷ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടു. രണ്ടാം ഘട്ടത്തിൽ അവയിൽ ചിലതിൻെറ താരതമ്യപഠനം നടത്തി. പരിഭാഷയിൽ കാണപ്പെട്ട നല്ലവശങ്ങളെക്കുറിച്ചും മെച്ചപ്പെടുത്തേണ്ട കാര്യങ്ങളെക്കുറിച്ചും പിന്നീട് ചർച്ചചെയ്യുകയും പരിഭാഷചെയ്യുന്നതിനും ത്രൈമാസികകളിൽ ലേഖനം എഴുതുന്നതിനുമുള്ള നുറുങ്ങു വിദ്യകൾ പറഞ്ഞു കൊടുക്കുകയും ചെയ്തു. വസ്തുനിഷ്ഠമായിരുന്ന ഈ പരിപാടി വളരെയധികം ഉപകാര പ്രദമായി പങ്കെടുത്തവർക്കെല്ലാവർക്കും അനുഭവപ്പെട്ടു.

# ദിശാബോധം വളർത്തൽ





## അഹമ്മദാബാദ്, ഗുജറാത്ത്

പുതിയ ഉദ്യമങ്ങളുടെ ഭാഗമായി, സെൻറർ-ഇൻ-ചാർജ്ജ് സഹോ.ജിഗ്നേഷ് ഷേലാട്ട്, കോളേജ് വിദ്യാർത്ഥികളെ "ജീവിതത്തിൻെറ യഥാർത്ഥ ലക്ഷ്യത്തെ അറിയുക" എന്ന ശിബിരത്തിൽ പങ്കെടുക്കുന്നതിനായി അഹമ്മദാബാദ് ആശ്രമത്തിലേക്ക് ക്ഷണിച്ചു. 8 വിദ്യാലയങ്ങളിൽ നിന്നുമായി എകദേശം അറുപത്തിയേഴോളം വിദ്യാർത്ഥികൾ 2012, ആഗസ്റ്റ് 7-ന് നടന്ന ഈ പരിപാടിയിൽ പങ്കെടുത്തു. ഒരു കമ്പ്യൂട്ടർ അവതരണത്തോടെ തുടങ്ങിയ പരിപാടിയിൽ അഞ്ച് പ്രമേയങ്ങളിൽ നടന്ന ഗ്രൂപ്പ് ചർച്ചകളിൽ സജീവമായി പങ്കെടുക്കുവാൻ വിദ്യാർത്ഥികളെ പ്രേരിപ്പിച്ചു. പ്രമേയങ്ങളെ സമാഹരിച്ച് സംസാരിക്കവെ സഹജമാർഗ്ഗ ധ്യാനപദ്ധതിയെ വിശദീകരിച്ചു. തുടർന്ന് പലരും സഹജമാർഗ്ഗത്തിൽ ചേരുവാൻ താത്പര്യം പ്രകടിപ്പിച്ചു. പരിപാടിയിലുടനീളം പ്രിയപ്പെട്ട മാസ്റ്ററുടെ അനുഗ്രഹം അനുഭവപ്പെട്ടു.

## തിരുവനന്തപുരം, കേരളം

"ഇൻഫോസിസ്", "ഏർൺസ്റ്റ് അൻറ് യംഗ്" എന്നീ സോഫ്റ്റ്വയർ സ്ഥാപനങ്ങളിൽ മാനേജ്മെൻറുകളുടെ ക്ഷണമനുസരിച്ച് മൂന്ന് പൊതു സദസ്സുകൾ സംഘടിപ്പിക്കപ്പെട്ടു. ഈ പരിപാടികൾ ആഗസ്റ്റ് 9-നും 13-നും ഇൻഫോസിസ്-ൻെറ ടെക്നൊപാർക്ക് ക്യാംപസ്സിലും സെപ്റ്റംബർ 6-ന് 'ഏർൺസ്റ്റ് അൻറ് യംഗ്'-ലുമായിരുന്നു. രണ്ട് സ്ഥാപനങ്ങളും എല്ലാ ജീവനക്കാരെയും ഒരാഴ്ച മുൻപ് തന്നെ ഔപചാരികമായി ക്ഷണിച്ചിരുന്നു. ധ്യാനം എങ്ങിനെ തൊഴിൽ-ജീവിത സന്തുലനം, ആന്തരിക ശാന്തിയും സമാധാനവും കൈവരിക്കുവാൻ സഹായിക്കുന്നു, എങ്ങിനെ ധ്യാനം വ്യക്തിയുടെ പൂർണ്ണ മാറ്റത്തിനുതകുന്നു, എന്നീ പ്രമേയങ്ങളിൽ നടന്ന ചർച്ചകളോടെയാണ് പരിപാടികൾ തുടങ്ങിയത്. പിന്നീട്, കുറച്ച്കൂടി ഗഹനമായ വിഷയങ്ങളായ ധ്യാന വസ്തു, ഹൃദയത്തിന്മേലുള്ള ധ്യാനം, ഒരു മാർഗ്ഗദർശിയുടെ ആവശ്യകത, ശ്രീ രാംചന്ദ്ര മിഷൻെറ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ചെല്ലാം പരാമർശമുണ്ടായി. ചർച്ചകളിലുടനീളം സജീവമായി ചോദ്യങ്ങൾ ചോദിച്ച് കൊണ്ടവർ വളരെ ഉത്സാഹത്തോടെ പങ്കെടുത്തു.

## ലാംഡിംഗ്, അസ്സാം

അസ്സാമിലെ ഗുവഹാത്തിക്കടുത്തുള്ള ലംഡിംഗ് എന്ന ചെറിയ പ്രദേശത്ത് 2012, സെപ്റ്റംബർ 1-ന് ഒരു തുറന്ന സദസ്സ് സംഘടിപ്പിക്കപ്പെട്ടു. സഹജമാർഗ്ഗത്തിന് ഒരു ചരിത്രവും പറയാനില്ലാത്ത അവിടെ ഇത് സംഘടിപ്പിക്കുവാൻ സഹോ.അവിജിത് ഡേ നല്ലവണ്ണം ശ്രമപ്പെട്ടു. വിദ്യാർത്ഥികളും, അദ്ധ്യാപകരും, വക്കീലന്മാരും, ബിസ്സിനസ്സുകാരുമടങ്ങിയ ഉത്സാഹമതികളായ മുപ്പത്തിനാലു പേരുള്ള ഈ സംഘത്തെ, 'മനുഷ്യ ജീവിതത്തിൽ ധ്യാനത്തിനുള്ള പങ്ക്' എന്ന വിഷയത്തെക്കുറിച്ച് സംസാരിച്ച് കൊണ്ട് സഹോ.അശോക് സെൻഗുപ്ത അഭിസംബോധന ചെയ്തു. പങ്കെടുത്ത മിക്കവാറും എല്ലാവരും ബംഗാളി ഭാഷ സംസരിക്കുന്നവരാകയാൽ പരിപാടി ബംഗാളിയിലാണ് നടത്തിയത്. സോണൽ-ഇൻ-ചാർജ്ജ് സഹോ.ധനിചന്ദും സഹോ.രാജു ശർമയും സന്നിഹിതരായിരുന്നു. പങ്കെടുത്തവരിൽ പതിനാലുപേർ അഭ്യാസികളായി, മറ്റുള്ളവരിൽ അഞ്ച് പേർ വരും ആഴ്ചകളിൽ സഹജമാർഗ്ഗത്തിൽ ചേരുമെന്ന് പ്രതീക്ഷിക്കുന്നു.

## പ്രൊഡുത്തൂർ, ആന്ധ്രപ്രദേശ്

കഡപ്പ ജില്ലയിലെ പ്രൊഡുത്തൂരിൽ, റായലസീമ തർമൽ പവർ പ്ലാൻറിലെ എൻജിനീയർസ് അസോസിയേഷൻെറ ക്ഷണമനുസരിച്ച് ഏകദേശം 150 എൻജിനീയർമാർക്ക് വേണ്ടി ഒരു പൊതു സദസ്സ് സപ്തംബർ 1-ാം തിയതി സംഘടിപ്പിച്ചു. സഹജമാർഗ്ഗത്തിലെ ധ്യാനത്തെപ്പറ്റിയും അതിൻെറ പ്രാധാന്യത്തെപ്പറ്റിയും നമ്മുടെ പദ്ധതിയിൽ അടങ്ങിയിരുക്കുന്ന മറ്റു പ്രധാന കാര്യങ്ങളെക്കുറിച്ചും സഹോ.ബിക്ഷം തൻെറ പ്രഭാഷണത്തിൽ ഊന്നിപ്പറഞ്ഞു. പകെടുത്തവരെ ഇത് വളരെയധികം ആകർഷിക്കുകയും മുപ്പത്തഞ്ചുപേർ സാധന തുടങ്ങുകയും ചെയ്തു. അതേ ദിവസം തന്നെ അടുത്തുള്ള സെൻററുകളിൽ നിന്നുമുള്ള എല്ലാ അഭ്യാസികളുടെയും ഒരു ഒത്തുചേരലും സംഘടിപ്പിച്ചിരുന്നു. പ്രൊഡുത്തൂർ ഒരു ചെറിയ സെൻററാണെങ്കിലും, സോണൽ ഇൻ ചാർജ് സഹോ.എം.ആർ.ഗംഗാധറും സഹോ. ബക്ഷിയും ചേർന്ന് നടത്തിയ ഈ പരിപാടിയിൽ ഏകദേശം 300 പേർ പങ്കെടുത്തു.

## ശ്രീനഗർ, ജമ്മു കശ്മീർ

2012,സെപ്റ്റംബർ 1-ന് ശ്രീനഗറിലെ സി.ആർ.പി.എഫ് ക്യാംപസ്സിൽ വെച്ച് സി.ആർ.പി.എഫ് ഉദ്യോഗസ്ഥരുടെ ഭാര്യമാർക്കായി ഒരു തുറന്ന സദസ്സ് സംഘടിപ്പിക്കപ്പെട്ടു. പങ്കെടുത്ത ഇരുപത് പേർക്കായി, ഡി.ഐ.ജി സഹോ.സന്ദീപ് ദത്തയുടെ പത്നി സഹോ.രജനി ദത്ത, ശരീരവും മനസ്സും തമ്മിലുള്ള എകോപനമളക്കുവാനുള്ള ഒരു പരിപാടി നടത്തി.





'സന്തുഷ്ട കുടുംബം, സ്ത്രീയുടെ ചുമതല' എന്ന വിഷയത്തെക്കുറിച്ച് സഹോ.ചന്ദ്രകാന്തയും സഹോ.രജനി ദത്തയും ഒരു പ്രദർശനം അവതരിപ്പിച്ചു.

പ്രശാന്തമായ ആന്തരിക മനസ്സിന്റെ ഉന്നമനത്തിലേക്കെത്തുവാനുള്ള യാത്രയിൽ മനസ്സിന്റെ ഭയത്തിലും ആകാംക്ഷയിലും തുടങ്ങി ആന്തരിക മാറ്റത്തിലേക്കുള്ള യാത്രയേക്കുറിച്ചുള്ള വിവരണങ്ങളും ഉണ്ടായിരുന്നു. പലരും സാധന തുടങ്ങുന്നതിനുള്ള ആകാംക്ഷയിലായിരുന്നു. അവരുടെ ആന്തരിക മൂല്യങ്ങളിലുറച്ച പെരുമാറ്റ രീതികൾ കുട്ടികൾ മാതൃകാ പെരുമാറ്റമായി തിരഞ്ഞെടുക്കുന്നതായി അവർക്കനുഭവപ്പെട്ടു.

ശ്രീനഗർ സി.ആർ.പി.എഫ്. 82-ാം ബറ്റാലിയൻ ജവാന്മാർക്കും ഓഫീസർമാർക്കും വേണ്ടി ഇതിനുസമാനമായി ഒരു യോഗം 2012 സപ്തംബർ 2-നു കൂടിയിരുന്നു.

## മംഗലാപുരം, കർണാടക

സപ്തംബർ 14-ാം തീയതി ശ്രീനിവാസ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിലെ ഒന്നാം വർഷത്തേയും അവസാന വർഷത്തേയും എം.ബി.എ. വിദ്യാർഥികളും, ഒന്നാം വർഷ ബി.എഡ്. വിദ്യാർഥികളും, മറ്റുദ്യോഗസ്ഥരും എല്ലാവരും കൂടി സുമാർ 200 പേർപങ്കെടുത്ത ഒരു തുറന്നസദസ്സ് നടത്തി. സഹോ.പ്രസാദ്കൃഷ്ണ സഹജ മാർഗ്ഗത്തെക്കുറിച്ച് ഒരു പ്രഭാഷണം നടത്തി. കോളേജ് പ്രിൻസിപ്പാളും വൈസ്പ്രിൻസിപ്പാളും അടക്കമുള്ള പല വ്യക്തികളിൽനിന്നും ധ്യാന സാധനാ പദ്ധതികളെക്കുറിച്ച് എല്ലാവരിലും താത്പര്യമുളവാക്കുന്ന കുറെ ചോദ്യങ്ങളുണ്ടായി. കുറെ വിദ്യാർഥികൾ ലഘുലേഖകൾ ശേഖരിക്കുകയും വേറേ കുറേപേർ സാധന തുടങ്ങുവാനുള്ള താത്പര്യം പ്രകടിപ്പിക്കുകയും ചെയ്തു.

## നെല്ലൂർ, ആന്ധ്രപ്രദേശ്

നെല്ലൂർ നാരായണ കോളേജ് ഓഫ് ഫാർമസിയിൽ വിദ്യാർഥികൾക്കും, അധ്യാപകർക്കും മറ്റു ഉദ്യോഗസ്ഥർക്കും വേണ്ടി മൂല്യാധിഷ്ടിത വിദ്യാഭ്യാസം, ധ്യാനത്തിന്റെ പ്രസക്തി എന്നീവിഷയങ്ങളിൽ ഒരു അവബോധന പരിപാടി രാജ്യാന്തര സമാധാന ദിവസമായ 2012 സപ്തംബർ 21-ാം തീയതി നടത്തി. മാനുഷിക മൂല്യങ്ങളെക്കുറിച്ചു സംസാരിക്കുമ്പോൾ സഹോ.ഉമാ ഗംഗാധർ കുടുംബത്തിൽ സ്നേഹം, വാത്സല്യം, ദയ, വിട്ടുകൊടുക്കുവാനുള്ള മനോഭാവം എന്നീമൂല്യങ്ങൾ വളർത്തുവാനും, തദ്വാര സമൂഹത്തിലേക്കു പകർത്തുവാനുമുള്ള ആവശ്യകതയെക്കുറിച്ചു അഭിപ്രായപ്പെട്ടു. സഹോ.ഗംഗാ പ്രസാദ് ധ്യാനം എപ്രകാരം ഏകാഗ്രത അഭിവൃദ്ധിപ്പെടുത്തുമെന്നും മനുഷ്യരിൽ ആധ്യാത്മികത ഉത്തേജനപ്പെടുത്തുമെന്നും വിവരിച്ചു. സമാപന വേളയിൽ സഹോ.വീരഭദ്രാവുവും പ്രിൻസിപ്പാൾ ചക്ക ഗോപിനാഥും മൂല്യങ്ങളിൽ ചില കാര്യങ്ങൾചേർക്കുകയും എപ്രകാരം ധ്യാനം ശാന്തിക്കും മനസ്സമാധാനത്തിലേക്കും നയിക്കുമെന്നും വിവരിച്ചു.

## ബുച്ചിറെഡ്ഡിപ്പാലം, നെല്ലൂർ, ആന്ധ്രപ്രദേശ്

ഒരു തുറന്നസദസ്സും തുടർന്ന് ഒരു മുഴുദിനപരിപാടിയും സെപ്റ്റംബർ 30-ാം തീയതിനടത്തി. ബുച്ചിറെഡ്ഡിപ്പാലം, സിദ്ദിപുരം സെൻററുകളിൽനിന്നും സുമാർ 96 അഭ്യാസികൾ പങ്കെടുത്തു. 55 പേർ പങ്കെടുത്ത തുറന്നസദസ്സ് സത്സംഗത്തിനുശേഷം തുടങ്ങി ഉച്ചവരെ നീണ്ടുനിന്നു. "മതവും ആത്മീയതയും", "ആത്മീയതയുടെ ആവശ്യകത", "ഗുരുവിന്റെ ആവശ്യകത", തുടങ്ങിയ വിഷയങ്ങളിൽ നടന്ന പ്രഭാഷണങ്ങൾക്കുശേഷം ചോദ്യോത്തര വേളയുമുണ്ടായിരുന്നു. ഉച്ചക്കുശേഷം അഭ്യാസികൾക്കായി നടത്തിയ പരിപാടിയിൽ ദശസൂക്തങ്ങളെയും സാധനയുടെ അടിസ്ഥാന തത്വങ്ങളെയും ആസ്പദമാക്കി ഒരു ചർച്ചയും ഉണ്ടായിരുന്നു.

## ഖാംഗാവ്, ബുൽധാന ജില്ല, മഹാരാഷ്ട്ര

സഹജമാർഗ്ഗം ഇവിടെ വർഷങ്ങൾക്കു മുൻപു തന്നെ അവതരിപ്പിച്ചിരുന്നെങ്കിലും അത് സജീവമായിരുന്നില്ല. സെൻററിലെ ഏതാനും അഭ്യാസികൾക്ക് ഒത്തുചേരുവാനായി ഒരു ഉൾപ്രേരണയുണ്ടാവുകയും അവർ സെൻററിന്റെപുരോഗമനത്തിന്നായി മാസ്റ്ററുടെ സഹായത്തിന്നായി പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് അവർ എവിടെ പോയാലും ആരെ കണ്ടാലും സഹജമാർഗത്തേക്കുറിച്ചും, ധ്യാനം ഇന്നത്തെ ജീവിതരീതിയിലുണ്ടാക്കാവുന്ന മാറ്റത്തെക്കുറിച്ചും ജനങ്ങൾ ആകാംക്ഷയോടെ അന്വേഷിച്ചു. തുടർന്ന് ഒന്നരദിവസത്തെ മാത്രമുള്ള ചുരുങ്ങിയ സമയം കൊണ്ട് അടുത്തുള്ള സെൻററിലെ പ്രിഫെക്റ്റിനെ അവർ ക്ഷണിക്കുകയും രണ്ടു ഇഞ്ചിനീയറിംഗ് കോളേജ് ഉദ്യോഗസ്ഥർക്കും, ഒരു ആർട്സ് ആൻഡ് സയൻസ് കോളേജിലെ ഫാക്കൽട്ടിക്കും, ഹിന്ദുസ്ഥാൻ യൂനിലിവർ കമ്പനി ഉദ്യോഗസ്ഥർക്കും, കെമിസ്റ്റ് ഹാളിൽ അഞ്ചു തുറന്നസദസ്സുകൾ നടത്തി. പ്രിഫെക്റ്റുമാരെ കണ്ട് ആദ്യസിറ്റിംഗ് എടുക്കുന്നതിനുള്ളതിരക്കിൽനിന്ന് പങ്കാളികളുടെ ആവേശം പ്രകടമായിരുന്നു.





## ഹാരൂർ ആശ്രമം, തമിഴ്നാട്

# പ്രകാശകേന്ദ്രം










തമിഴ്നാടിലെ ധർമ്മപുരി ജില്ലയിലെ ഹാരൂർ ഒരു ചെറിയ നഗരം ആണ്. സേലം,ധർമ്മപുരി,തിരുവണ്ണാമല തുടങ്ങിയ നഗരങ്ങളുമായി സ്റ്റേറ്റ് ഹൈവേ മാർഗം ഈ സ്ഥലം ബന്ധപ്പെട്ടിരിക്കുന്നു. പഴയതും സജീവവുമായ മൊറാപ്പൂർ റെയിൽ വേ സ്റ്റേഷൻ ഇവിടെനിന്നും 10 കി.മി.ദൂരെയാണ്.

1995 സെപ്റ്റംബർ 25–ാം തിയതി വാസവി മലയിൽ വെച്ച് സഹോ.വി.കെ സോമകുമാർ നടത്തിയ തുറന്ന സദസ്സോടുകൂടിയാണ് ഈ സെൻറർ തുടക്കം കുറിച്ചത്.പങ്കെടുത്ത 150 പേരിൽ, പതിനഞ്ചു പേർ അന്നു തന്നെ സിറ്റിംഗ് എടുത്തു. തിരുപ്പൂർ, ശങ്കഗിരി, ധർമ്മപുരി തുടങ്ങിയ സെൻററുകളിൽനിന്നുള്ള പ്രിഫക്റ്റുകൾ താൽപര്യമുള്ളവർക്ക് സിറ്റിംഗ് കൊടുത്തു. 1995 ഒക്ടോബർ മാസം മുതൽ ഈ സെൻറർ പ്രവർത്തനം ആരംഭിച്ചു.

ഹാരൂരിൽ നിന്നും 5 കി.മി. ദൂരെ, തിരുപ്പത്തൂർ പ്രധാന പാതയിലാണ് ഇവിടത്തെ ആശ്രമം നില കൊള്ളുന്നത്. 1998ൽ ആശ്രമ നിർമ്മാണത്തിനു വേണ്ട സ്ഥലത്തിനായി അന്വേഷണം തുടങ്ങി 2000 ഏപ്രിൽ 19–ന് സൂരിയമ്പട്ടിയിൽ അഞ്ചേക്കർ സ്ഥലം വാങ്ങി റജിസ്റ്റർ ചെയ്തു.

2001 ഫെബ്രുവരി 17–ാം തിയതി മാസ്റ്റർ ആശ്രമം സന്ദർശിച്ച് ധ്യാനഹാൾ ഉദ്ഘാടനം നടത്തി. രണ്ടു ദിവസത്തോളം അദ്ദേഹം ഇവിടെ താമസിച്ചു. മൂവ്വായിരം അഭ്യാസികളും അഞ്ഞൂറോളം ആദ്ധ്യാത്മികാന്വേഷികളും അന്ന് സന്നിഹിതരായിരുന്നു. ‘പ്രകാശകേന്ദ്രം’ എന്നതിനെപ്പറ്റി വിസ്തരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞത്:“ഇത് പരമാർത്ഥത്തിൽ ഒരു പ്രകാശകേന്ദ്രമാവണം,ഉപേക്ഷിക്കപ്പെട്ട അമ്പലം പോലെ ‘ഇരുട്ടിൻെറ കേന്ദ്ര’ മാവരുത്. പ്രകാശമെപ്പോഴാണുണ്ടാവുക? ഒരു വിളക്കിലെ തിരി ഒരു തീപ്പട്ടികൊണ്ട് കൊളുത്തുമ്പോൾ മാത്രമാണ് പ്രകാശമുണ്ടാവുന്നത്, അല്ലെങ്കിൽ ഇരുട്ടു മാത്രമെ ഉണ്ടാവു. അതുകൊണ്ട് നാം സ്വയം മുന്നോട്ട് വന്ന് പ്രകാശം സൃഷ്ടിക്കണം, പ്രകാശം സ്വയം പ്രത്യക്ഷമാവില്ല.അതിനായി, നാം ഇവിടെ പരിശുദ്ധമായ ഒരു ഹൃദയത്തോടുകൂടിയാവണം വരേണ്ടത്. അപ്രകാരമാവുമ്പോൾ പ്രകാശം വർദ്ധിതമാവുകയും, തെളിച്ചത്തോടെ പരക്കുകയും ചെയ്യും.

# എക്കോസ് ഇന്ത്യ വാർത്താപത്രിക





ആശ്രമപരിസരത്തിന്റെ പ്രശാന്തത വർദ്ധിപ്പിക്കുവാൻ സഹായിക്കുമാറ് ധാരാളം വൃക്ഷങ്ങൾ നിറഞ്ഞ ഭംഗിയുള്ള പൂന്തോട്ടം ഇവിടെയുണ്ട്. 1000 ച.അടി വിസ്തീർണ്ണമുള്ള ധ്യാനഹാളിന് AC ഷീറ്റു കൊണ്ടുള്ള മേൽക്കൂരയാണുള്ളത്. മൂന്നു മാസത്തോളം എടുത്ത ഇതിന്റെ പണി ഡിസമ്പറിലാണ് പൂർത്തീകരിച്ചത്. കൂടാതെ 864 ച.അടിയിലുള്ള താമസസൗകര്യവും ആവശ്യത്തിന് ശൗചാലയവും കുളിമുറികളും ഉണ്ട്. മാസ്റ്ററുടെ കോട്ടേജും, വിസ്തീർണ്ണമുള്ള അടുക്കള, പുല്ലു കൊണ്ടുള്ള മേൽക്കൂരയോടുകൂടിയ ഭക്ഷണശാല തുടങ്ങിയവയുമുണ്ട്.

2007 ആഗസ്റ്റ് 16–ാം തിയതി മാസ്റ്റർ രണ്ടാമത്തെ തവണ ആശ്രമം സന്ദർശിച്ച്,സത്സംഗം നടത്തി. സ്ഥിരമായ ഒരു ധ്യാനഹാൾ നിർമ്മാണത്തിന് മാസ്റ്റർ അനുവാദം നല്കിയിട്ടുണ്ട്.

ആശ്രമത്തിനോട് ചേർന്ന് ഏഴ് ഏക്കർ സ്ഥലത്ത് ശ്രീ ചാരിജി നഗർ ഹൗസിംഗ് കോളനിക്ക് രൂപം നൽകി. വീടു നിർമ്മിക്കുവാനായി സ്ഥലം 90 അഭ്യാസികൾക്കായി മാസ്റ്റർ നൽകി. കോളനിയിലെ ഉപയോഗത്തിനായി 30,000 ലിറ്റർ വെള്ളം നിറയ്ക്കാവുന്ന ഒരു ടാങ്ക് നിർമ്മിച്ചിട്ടുണ്ട്.

മാസ്റ്ററുടെ സന്ദർശനത്തിനുശേഷം, ഉത്തംഗരൈ, സിങ്കാരപ്പേട്ടൈ, കമ്പയ്നെല്ലൂർ, ബൊമ്മിഡി, പാപ്പിറെഡ്ഡിപ്പട്ടി, മൊറപ്പൂർ, കോട്ടപ്പട്ടി തുടങ്ങിയ ചെറിയ സെൻററുകളും പ്രവർത്തനമാരംഭിച്ചു. ഹാരൂരിലും മറ്റു ചെറിയ സെൻററുകളിലുമായി ഏകദേശം 400 ഓളം അഭ്യാസികൾ പരിശീലിക്കുന്നുണ്ട്. സത്സംഗം കൂടാതെ,മാസ്റ്റർമാരുടെ ജൻദിനാഘോഷങ്ങൾ, പ്രിഫക്റ്റ് മീറ്റിംഗ്, പരിശീലനപരിപാടികൾ തുടങ്ങിയവ ഇവിടെ നടത്താറുണ്ട്.

## അറിയിപ്പുകൾ

### പുതിയ നിയമനങ്ങൾ

ഡോ. സത്യ എൻ. മണ്ഡൽ

സോൺ–ഇൻ–ചാർജ്, ദില്ലി NCR ഭാഗം

ഉപേന്ദ്ര പോൾ ധവാൻ IRS (Retd)

ഡയറക്റ്റർ, ക്രെസ്റ്റ്–ഖരഗ്പൂർ

സി.രൂപാലി ഗാർഗ്

അസി. ഡയറക്റ്റർ, ക്രെസ്റ്റ്–ഖരഗ്പൂർ

സി.എസ്.രാമചന്ദ്രമൂർത്തി

മെയ്ൻറനൻസ് മാനേജർ, ക്രെസ്റ്റ്–ഖരഗ്പൂർ

ജഗദീഷ് സരൺ ഗുപ്ത


മാനേജർ, ലക്നൗ ആശ്രമം

ഉല്ലാസ് റാവു കുംബ്ലെ

സെൻറർ–ഇൻ–ചാർജ്,ഹൈദരബാദ് സെൻറർ

ശ്യാംജി മെഹ്റോത്ര

സെൻറർ–ഇൻ–ചാർജ്, ലക്നൗ സെൻറർ




### WHQവിലെ ആർക്കൈവ്, ചെന്നൈ

നമ്മുടെ മിഷന്റെ ചരിത്രം സൂക്ഷിക്കുക എന്ന ഉദ്ദേശത്തിൽ മണപ്പാക്കം ആശ്രമത്തിൽ ചരിത്രരേഖകൾ സൂക്ഷിക്കാനായി പ്രവർത്തിക്കുന്ന ടീം, മിഷനെ സംബന്ധിച്ച, ചരിത്ര പ്രാധാന്യമുള്ള വീഡിയോ രേഖകൾ ശേഖരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നുണ്ട്.ഫോട്ടോ, ഓഡിയോ, വീഡിയോ (ഏതു തരത്തിലുള്ളതായാലും) പഴയപുസ്തകങ്ങൾ, മാസികകൾ, മാസ്റ്റർമാർ ഉപയോഗിച്ചിരുന്ന ഏതെങ്കിലും വസ്തുക്കൾ തുടങ്ങി അത്തരത്തിലുള്ളതെന്തെങ്കിലും നിങ്ങളുടെ കൈവശമുണ്ടെങ്കിൽ അവ സംഭാവന ചെയ്യുവാനായി അഭ്യർത്ഥിക്കുന്നു. അപ്രകാരം അവ ഭാവിയിലുപയുക്തമാക്കാൻ സഹായകമാകുന്ന വിധത്തിൽ സംരക്ഷിക്കുവാനാകും. whq.archives@srcm.org എന്ന വിലാസത്തിൽ ബന്ധപ്പെടുക.

**To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org**

© 2011 Shri Ram Chandra Mission ("SRCM"). All rights reserved. "Shri Ram Chandra Mission", "Sahaj Marg", "SRCM", "Constant Remembrance" and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.